# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4285 — 12/11/2019-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യുടെ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

| | ചോദ്യം<br>**ശ്രീ.ഡി.കെ. മുരളി** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.യുടെ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കുന്ന വാടകനിരക്ക് എത്രയാണെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി.-യുടെ ബി. ഗ്രേഡ് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ബോർഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക നൽകുമ്പോൾ ഈടാക്കുന്ന വാടക നിരക്ക് ചുവടെ ചേർക്കുന്നു.<br>(ഒരു ബെഡിന് ഒരു ദിവസത്തെ വാടക)<br>(a) A/c മുറി - 400/-<br>(b) Non-A/c മുറി - 300/-<br>(c) ഡോർമിറ്ററി - 150/- |
| (ബി) | വിനോദ സഞ്ചാരികൾക്ക് പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വാടകയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി ക്രമം എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | വിനോദ സഞ്ചാരികൾക്ക് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വാടകയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി ക്രമം ഇപ്രകാരമാണ്:<br>(a) സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)-ന് അപേക്ഷ അയക്കുക, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ കൂടി ഹാജരാക്കുക.<br>(b) ലഭ്യത അനുസരിച്ച് ബി. ഗ്രേഡ് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ അനുവദിക്കുന്നതാണ്. |
| (സി) | പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവുകൾക്ക് ഓൺലൈൻ ബുക്കിംഗ് സൗകര്യമുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഇല്ലായെങ്കിൽ അതേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇൻസ്പെക്ഷൻ ബംഗ്ലാവുകൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിൽ ഇല്ല. അതേർപ്പെടുത്താനുള്ള നടപടി ആലോചനയിലാണ്. |

സെക്ഷൻ ഓഫീസർ